കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/2169/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.3-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പോത്തുകല്ല് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം6/2169/2017 /2017 തിയ്യതി: 03-11-2017

## മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.11.2016 മുതൽ 13.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-09-2017 മുതൽ 22-09-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സതീഷ് എം.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.കരുണാകരൻ പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ജോഫ്രി ആൻസലാം.ഡി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജോഫ്രി ആൻസലാം.ഡി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ. മുരളീധരൻ.പി.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ശരത്.ബി.ജോഷി | 01.04.2016 മുതൽ 10.07.2016 വരെ |
| | ശ്രീ.ഫ്രാൻസിസ്.എ | 11.07.2016 മുതൽ 16.03.2017 വരെ |
| | ശ്രീമതി.ധന്യ.പി | 17.03.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനീഷ്.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ബേബി.പി.ജോർജ്ജ് | 01.04.2016 മുതൽ 03.06.2016 വരെ |
| | ശ്രീ.ജോണി | 04.06.2016 മുതൽ 22.09.2016 വരെ |
| | ശ്രീ.ജോർജ്ജ് ജോൺ | 23.09.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോമോൻ ജോസഫ് ഡാനിയൽ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സനോജ് അബ്ദുൾ വഹാബ് | 01.04.2016 മുതൽ 15.11.2016 വരെ |
| | ഡോ.മോനിഷ്.കെ | 16.11.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയ വിജയൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുലൈഖ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബെന്നി സെബാസ്റ്റ്യൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. അബ്ദുൾ റഷീദ് | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. | 2-1 | |
| 13 | ഡി & ഒ ലൈസൻസ്-വിവിധ അപാകതകൾ. | 2-2 | |
| 14 | പാരാമെഡിക്കൽ രജിസ്ട്രേഷനും ഡി & ഒ ലൈസൻസും കൂടാതെ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു. | 2-3 | |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല - 2350/- രൂപ നഷ്ടം. | 2-4 | |
| 16 | കെട്ടിട നിർമ്മാണ പെർമിറ്റ്-വിവിധ അപാകതകൾ. | 2-5 | |
| 17 | കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു. | 2-6 | |
| 18 | ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയില്ല. | 2-7 | |
| 19 | തനതു വരുമാനം പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്ക് വേണ്ടിയുള്ള അക്കൗണ്ടുകളിൽ നിക്ഷേപിച്ചു. | 2-8 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3-1 | |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-2 | |
| 22 | മെമ്പർമാർക്ക് കമ്പ്യൂട്ടർ പരിശീലനം--രേഖകൾ ലഭ്യമല്ല. | 3-3 | |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം, യാത്രാബത്ത എന്നിവ നൽകിയത്--ക്രമീകരണ വിവരമില്ല. | 3-4 | |
| 24 | കമുക് കൃഷി വികസനം--സബ്സിഡി നൽകിയതിന് ആസ്പദമായ രേഖകൾ ലഭ്യമല്ല. | 3-5 | |
| 25 | ജലസേചന കിണർ---രേഖകൾ ലഭ്യമല്ല. | 3-6 | |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ | 3-7 | |

| | | | |
|---|---|---|---|
| 27 | ആശ്രയ പദ്ധതി | 3-8 | |
| 28 | മരുന്ന് ലഭ്യമായിട്ടില്ല. | 3-9 | |
| 29 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ. | 3-10 | |
| 30 | ഡ്രെയിനേജിന് ഫോം പ്രവർത്തി- ഉയർന്ന നിരക്ക് അനുവദിച്ചത്. | 3-11 | |
| 31 | റൂഫിംഗ് ഷീറ്റ് അധിക സ്പെസിഫിക്കേഷനനുസരിച്ചുള്ള നിരക്ക് അനവദിച്ചത്. | 3-12 | |
| 32 | പ്രവൃത്തി സ്ഥലത്ത് ലഭ്യമായ മെറ്റീരിയിൽസ് ഉപയോഗപെടുത്തിയില്ല. | 3-13 | |
| 33 | സർവീസ് ചാർജ് അടവാക്കിയില്ല. | 3-14 | |
| 34 | കിണറുകളുടെ റിപ്പയർ, അടങ്കൽ, മൂല്യനിർണ്ണയം എന്നിവ ക്രമ പ്രകാരമല്ല | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2016-17 ലെ ബജറ്റ് 16.03.2016 ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 17.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കിലെ അപാകതകൾ.

1).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരം കാലയളവ് അവസാനിക്കുമ്പോൾ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തമുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5).തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | Prof.Tax (Employees) | 1078560 | 1060110 | 18450 |
| | Prof.Tax (Traders/Institution) | 73590 | 73590 | 0 |
| വാർഷിക കണക്ക് പ്രകാരം | Prof.Tax (Employees) | 1063410 | 1063410 | 0 |
| | Prof.Tax (Traders/Institution) | 197050 | 197050 | 0 |

6).തൊഴിൽരഹിത വേതനം വിതരണം വാർഷിക കണക്കിലെ വരവും, ചെലവും പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വരവ് (RP-7) | 4,97,520 |
| ചെലവ് (RP-19) | 4,96,560 |
| വ്യത്യാസം | 960 |

23.03.2017 ന് തിരിച്ചടച്ച 960/- രൂപ തനത് ഫണ്ടിലാണ് അടവാക്കിയിട്ടുള്ളത്. ഇതാണ് അപാകതക്ക് കാരണം. ബി ഫണ്ടിൽ നിന്ന് പിൻവലിച്ച് ചെലവഴിക്കാത്ത തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്.

7). ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ഹെഡ്ഡിൽ 15,82,760/- രൂപയുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഈയിനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

8).ബാലൻസ് ഷീറ്റ് (B-4 Schedule) പ്രകാരം Beneficiary Contribution ഇനത്തിൽ 2,63,100/- രൂപ നീക്കിബാക്കിയുണ്ട്. തൻവർഷം ലഭിച്ച 2,63,100/- രൂപ (RP-31) പൂർണ്ണമായും ചെലവഴിച്ചിട്ടും ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് വന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

9).കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | എ.സി.ആർ പ്രകാരം. | വ്യത്യാസം. |
|---|---|---|
| 5023624 | 5043624 | 20000 |

10). ബാലൻസ് ഷീറ്റിൽ (B-4 Schedule) ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന താഴെ പറയുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ അതിനുവേണ്ടി തുടങ്ങിയ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി (B-17 & RP-40(b) Schedules) പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റിന്റെ പേര് | B-4 Schedule | B-17 Schedule |
|---|---|---|
| 320300102 - ജലനിധി | 20,30,280 | 20,68,164.75 |
| 320100115 – Total Sanitation | 35,41,092 | 47,52,629 |
| 320300103 - Total Sanitation | 18,36,000 | |

ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് ഇനത്തിൽ B-4 Schedule ൽ 320100115, 320300103 എന്നീ കോഡുകളിലായി രണ്ട് തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 320100115 കോഡ് നമ്പറിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ടിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷത്തിൽ 37,42,728/- രൂപ പ്രാരംഭ ബാക്കിയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് 2015-16 വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

11).ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ Advance to implimenting Officers എന്ന ഹെഡ്ഡിൽ 16,45,000/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

| മുന്നിരിപ്പ് | 16162836 |
|---|---|
| വരവ് | 58425083 |
| ആകെ | 74587919 |
| ചെലവ് | 55545550 |
| നീക്കിയിരുപ്പ് | 19042369 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം | നീക്കി ബാക്കി 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 19832640 | 19832640 | 16448045 | 3384595 | 82.93 % | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1850253 | 1850253 | 1007060 | 843193 | 54.43 % | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 4317525 | 4317525 | 2115585 | 2201940 | 48.99 % | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4400343 | 4400343 | 2312358 | 2087985 | 52.34 % | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5214120 | 5214120 | 3506415 | 1707705 | 67.25 % | 0 |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 10085971 | 10085971 | 5023624 | 5062347 | 49.80 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് (Central) | 0 | 4295538 | 4295538 | 3474324 | 821214 | 80.88 % | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോർമൻസ് ഗ്രാന്റ് (State) | 0 | 1967575 | 1967575 | 1067844 | 899731 | 54.27 % | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 26146 | 32605075 | 32631221 | 32628490 | | 99.99 % | 2731 |
| ബി ഫണ്ട് | 0 | 11434970 | 11434970 | 11434970 | 0 | 100 % | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 49862025 | 91 | 40008055 | 26 | 55 | 52.91 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2595008 | 28553791 | (-) 915232 | (-) 26.07 % |
| നികുതിയേതര വരവുകൾ | 366520 | 554855 | (-)230097 | (+)38.56 % |
| മറ്റുവരവുകൾ | 8270776 | 9095760 | (+) 1049826 | (+) 14.53 % |
| ആകെ | 11232304 | 11232304 | (-)95503 | (-)0.84 % |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 497520 | 556 |
| കർഷക തൊഴിലാളി പെൻഷൻ | 1209050 | 466 |
| വിധവാ പെൻഷൻ | 3453450 | 1355 |
| വാർദ്ധക്യകാല പെൻഷൻ | 4376500 | 1682 |
| വികലാംഗ പെൻഷൻ | 886450 | 357 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത | 42000 | 15 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹ ധനസഹായം | 970000 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4843/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.2017 | 01.05.2017 മുതൽ 30.06.2017 വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 30.08.2010 വരെ. | 2005 – 06 മുതൽ 2009 -10 വരെ. | 04.10.2010 എൽ.ബി.എ(എച്ച്.ക്യൂ)II/8A-1629/191 തി.30.09.2010. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ക്രമ നമ്പർ 4 പ്രകാരമുള്ള വിജ്ഞാപനം ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ വിവരം, രജിസ്റ്റർ ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെ വിവരം, ഈടാക്കിയ ഫീസിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.1/14.09.2017) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും എന്നാൽ വ്യാപാര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയോ ഫീസ് അടവാക്കുകയോ ചെയ്തിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വ്യാപാര സ്ഥാപനങ്ങളും മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ്-വിവിധ അപാകതകൾ.

ഡി & ഒ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). ലൈസൻസ് ഫീസ് കുറവായി ഈടാക്കി - പഞ്ചായത്തിന് 300/- രൂപ നഷ്ടം

ഓഡിറ്റ് വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 300/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ഒരു ദിവസത്തെ വിറ്റുവരവ് / കുതിരശക്തി (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | വേലായുധൻ<br>അശ്വതി മിൽസ്. | 15HP | 200/- | 100/- | 100/- |
| 2 | മോളി<br>മണപ്പാട്ട് ഫ്ലോർ & ഓയിൽ മിൽ | 15HP | 200/- | 100/- | 100/- |
| 3 | സെക്രട്ടറി<br>കൈരളി ന്യൂട്രിമിക്സ് | 15HP | 200/- | 100/- | 100/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 300/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും

ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

3)സാനിറ്ററി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ചു.

2016-17 സാമ്പത്തിക വർഷത്തിൽ സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഹോട്ടൽ നടത്തുന്നതിനായി ലൈസൻസ് അനുവദിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനം |
|---|---|---|
| 1 | ഷൗക്കത്ത്, കിണറ്റിങ്ങൽ ഹൗസ് | ഫസീല ഹോട്ടൽ |
| 2 | സലാം. എൻ . എ | ഹോട്ടൽ എമിനന്റ് |
| 3 | നിസാമുദ്ദീൻ, തണ്ടുപാറക്കൽ ഹൗസ് | റൺസ് ഹോട്ടൽ |
| 4 | പ്രസാദ്, പനങ്കയം | ഹോട്ടൽ അനന്തു |
| 5 | സുരേഷ്, കോട്ടയിൽ ഹൗസ് | കാവേരി ഹോട്ടൽ |

ലൈസൻസ് ചട്ടങ്ങൾ പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പാരാമെഡിക്കൽ രജിസ്ട്രേഷനും ഡി & ഒ ലൈസൻസും കൂടാതെ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മാർക്ക് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിനും പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുമായി 26.10.2016 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെയും അപേക്ഷ തീർപ്പാക്കിയതായി കാണുന്നില്ല. കൂടാതെ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 6 ജോലിക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2016-17 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും കൂടാതെ 2015-16, 2016-17 വർഷങ്ങളിൽ ഈ സ്വകാര്യ ആശുപത്രി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിട്ടും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല - 2350/- രൂപ നഷ്ടം.

താഴെ പറയുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി ഈടാക്കാത്തത് മൂലം 2350/- രൂപ നഷ്ടം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പേരും സ്ഥാപനവും | അർദ്ധവാർഷിക വരുമാനം (റിട്ടേൺ പ്രകാരം) | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | ക്രാരമ്മ ചാക്കോ, പോസ്റ്റ് ഓഫീസ്, പാതാർ | 59088 | 450 |

| | | | |
|---|---|---|---|
| 2 | മനോജ്.കെ.ജെ, പോസ്റ്റ് ഓഫീസ്, പാതാർ | 44000 | 300 |
| 3 | ജോകിനാ സിജോ, പോസ്റ്റ് ഓഫീസ്, പാതാർ | 40000 | 300 |
| 4 | നിഷാദ്, ഡ്രൈവർ, പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | 103350 | 1000 |
| 5 | സമീറ, പി.ടി.എസ്, പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | 35500 | 300 |

തൊഴിൽ നികുതി ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ഫോറസ്റ്റ് റേഞ്ച് ഓഫീസ് നിലമ്പൂർ, വാണിയംപുഴ ഔട്ട് പോസ്റ്റിലെ ജീവനക്കാരുടെ 2016-17 ഒന്നാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

3. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

കെ.എസ്.ഇ.ബി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ 04.02.1992 ലെ എം.സി- 1 3142/92 നമ്പർ കത്തിലൂടെ നിർദ്ദേശിക്കുകയും തദ്ദേശ വകുപ്പ് സെക്രട്ടറി വൈദ്യുതി ബോർഡ് സെക്രട്ടറിക്ക് അയച്ച 24.11.1995ലെ 32985/ എൽ -2/95 നമ്പർ കത്തിൽ തൊഴിൽ നികുതി ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ നിരസിച്ചതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി സ്ഥാപനത്തിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4.തൻവർഷം ഡി & ഒ ലൈസൻസ് നൽകിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം<br>ലൈസൻസിനായി (സമർപ്പിച്ച അപേക്ഷ പ്രകാരം ) |
|---|---|---|
| 1 | കെ.എൻ.എസ് സൂപ്പർ മാർക്കറ്റ് & ബിരിയാണി സ്റ്റോർ | 4 |
| 2 | എ.കെ ഗ്ലാസ്സ് & പ്ലൈവുഡ്സ് | 3 |
| 3 | എസ്.എൻ ഹോളോ ബ്രിക്സ് | 2 |
| 4 | കാരുണ്യ മെഡിക്കൽ ലബോറട്ടറി (കമ്പ്യൂട്ടറൈസ്ഡ് ) | 2 |
| 5 | വിജയ് ക്ലിനിക് | 3 |

ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ, വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ വ്യവസായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള

നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ്-വിവിധ അപാകതകൾ.

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). പോർച്ച് വിസ്തൃതിക്ക് പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ച ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ പോർച്ച് വിസ്തൃതിക്ക് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | A3-2948/16 | രാജമ്മ വിൽസൺ, കുന്നത്തുമുട്ടത്തിൽ |
| 2 | A3-3097/16 | നൗഫിർ, കണ്ണൻകുളവൻ |
| 3 | A3-4638/16 | മാത്യു ജോർജ്ജ്, വെട്ടിക്കുഴി |
| 4 | A3-659/16 | ആയിഷ, തോട്ടുങ്ങൽതൊടിക |
| 5 | A3-3375/16 | ബെൽജൻ, കുരുന്നപ്പള്ളിയിൽ |
| 6 | A3-4765/16 | മാർഷൽ, കോണത്ത് |
| 7 | A3-882/16 | വേലായുധൻ, ചോലശ്ശേരി |
| 8 | A3-3424/16 | റജി വർഗ്ഗീസ്, മേവിളയത്ത് |
| 9 | A3-3050/16 | ഷാജി നടുക്കേപ്പുറമ്പിൽ |
| 10 | A3-2602/16 | മത്തായി.എം.ജെ |
| 11 | A3-1024/16 | മുംതാസ് & ഷബിൻ, കൊമ്മേരി (ക്രമവൽക്കരണം) |
| 12 | A3-9240/16 | നബീസ & റുഖിയ, ചെറുപറമ്പിൽ (ക്രമവൽക്കരണം) |
| 13 | A3-6629/16 | അബ്ദുൾസലാം, കോടങ്ങാട്ടിൽ (ക്രമവൽക്കരണം) |
| 14 | A3-4876/16 | നൂറുദ്ദീൻ, പുളിക്കൽ (ക്രമവൽക്കരണം) |
| 15 | A3-633/17 | ആദമാൻ & ഫാത്തിമ, കുണ്ടിലാടി (ക്രമവൽക്കരണം) |
| 16 | A3-2888/16 | അമ്മു മുതൽ പേർ, കോഴിപ്പള്ളി (ക്രമവൽക്കരണം) |
| 17 | A3-2788/16 | മുശറഫ്, അവുഞ്ഞിപ്പുറം (ക്രമവൽക്കരണം) |
| 18 | A3-4552/16 | ഇബ്രാഹിം & പാത്തുമ്മ, മാണിയോടൻ (ക്രമവൽക്കരണം) |
| 19 | A3-5840/16 | ഷോന കണ്ണിയൻ (ക്രമവൽക്കരണം) |
| 20 | A3-4764/16 | അബ്ദുൾ മജീദ്, പാലക്കൽ (ക്രമവൽക്കരണം) |

പോർച്ച് ഏരിയ ഉൾപ്പെടെയുള്ള മുഴുവൻ വിസ്തൃതിക്കും പെർമിറ്റ് ഫീസ് ഈടക്കേണ്ടതാണ്.

2).2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 91 പ്രകാരം കിണർ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഒരു കിണറിന് പോലും പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട പ്ലാനുകളിൽ കിണർ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, കിണർ നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. അപേക്ഷയുടെ കൂടെയുള്ള നിർദ്ദിഷ്ട പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റിൽ കിണർ നിർമ്മാണത്തിനുള്ള അനുമതി ഉൾപ്പെടുത്തിയിട്ടുമില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം

അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-6 കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ്, പരമാവധി 55 ആണ്. (ടേബിൾ 2, ക്രമ നമ്പർ 7). എന്നാൽ പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ, അനുവദനീയ കവറേജ് അധികരിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും. | അബ്ദുൾ സലാം.ടി.വി, താഴത്തുവീട്ടിൽ ഹൗസ്, മുണ്ടേരി.പി.ഒ |
| പെർമിറ്റ് നമ്പർ / തിയ്യതി. | A3/5807/16 തിയ്യതി : 07.10.2016 |
| പ്ലോട്ട് ഏരിയ | 809 ച.മീ |
| പ്ലിന്ത് ഏരിയ | സെല്ലാർ ഫ്ലോർ- 556.09 ച.മീ (പാർക്കിംഗ്)<br>ഗ്രൗണ്ട് ഫ്ലോർ -439.57 ച.മീ.<br>ഫസ്റ്റ് ഫ്ലോർ - 586.72 ച.മീ.<br>ആകെ - 1582.38 ച.മീ. |

| | |
|---|---|
| കവറേജ്% | ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം / പ്ലോട്ട് വിസ്തീർണ്ണം.<br>= 586.72/809 * 100 = 72.52 % |

കൂടാതെ, കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിലെ വിസ്തീർണ്ണത്തിന് പെർമിറ്റ് ഫീസ് ഈടാക്കാത്തത് മൂലം 2781/- രൂപ (556.09 ച.മീ * 5 രൂപ) നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ :03/19.09.2017) അപാകത പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഷ്ടതുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും പെർമിറ്റിലെ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

അസി.എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളിൽ ഇ-ടെണ്ടർ മുഖേനയാണ് കരാറുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്. കരാറുകാർ സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺലോഡ് ചെയ്യുന്നതോടൊപ്പം ഫോമിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ഈ തുക നാളിതുവരെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലോ അസി.എഞ്ചിനീയറുടെ അക്കൗണ്ടിലോ അടവ് വന്നതായി കാണുന്നില്ല.

| പ്രവർത്തിയുടെ വിവരം | പ്രൊജക്റ്റ് നമ്പർ | ടെണ്ടറിൽ പങ്കെടുത്തവർ | ഫോം വില | ആകെ വില |
|---|---|---|---|---|
| പാതാർ കിഴക്കെവാളംകൊല്ലി | 80/16-17 | 2 | 2100+105Vat | 4200+210 |

| | | | | |
|---|---|---|---|---|
| റോഡ് | | | | |
| ഭൂദാനം വെള്ളിലമാട് റോഡ് ടാറിംഗ് | 81/16-17 | 3 | 2100+105vat | 3300+315 |
| ബസ്സ്റ്റാന്റ് റോഡ് കോൺക്രീറ്റിംഗ് | 165/16-17 | 4 | 3000+150 | 12000+600 |

ടെണ്ടർ ഫോമിന്റെ വില നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താത്തതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിൽ മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-8 തനതു വരുമാനം പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്ക് വേണ്ടിയുള്ള അക്കൗണ്ടുകളിൽ നിക്ഷേപിച്ചു.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്ന് സർക്കുലർ നം.58725/എഫ്.എം-3.2008/തസ്വഭവ /26.05.11 ൽ വ്യക്തമാക്കുന്നുണ്ട്. തനതു വരുമാനം നിക്ഷേപിക്കുന്നതിനായി പോത്തുകൽ സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് (A/C 11045) ഉണ്ടായിരിക്കെ 8.11.2016 മുതൽ 03.01.2017 വരെയുള്ള ദിവസങ്ങളിലെ വരവു തുകകൾ ഞെട്ടിക്കുളം കേരള ഗ്രാമീൺ ബാങ്കിലെ പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്ക് വേണ്ടിയുള്ള അക്കൗണ്ടുകളിൽ (A/C 9715- ശുചിത്വ മിഷൻ, A/C 3850 –സാക്ഷരത) നിക്ഷേപിച്ചതായി കാണുന്നു. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഈ അക്കൗണ്ടുകളിലുള്ള തനത് വരുമാനത്തിന്റെ വരവ്-ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതും, ബാങ്കിലെ പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്ക് വേണ്ടിയുള്ള അക്കൗണ്ടുകളിൽ നിക്ഷേപിച്ച തുക കണക്കാക്കി, തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

വൗച്ചർ നം.21600141/06.06.16---170000

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 10000 രൂപ പ്രകാരം 17 വാർഡുകൾക്കുള്ള തുക മേൽപ്പറഞ്ഞ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.1724/16 തസ്വഭവ 23.5.16 പ്രകാരം ശുചിത്വമിഷൻ ഗ്രാന്റ് ലഭിക്കാൻ വൈകുമെന്നതിനാൽ ലഭിക്കുന്ന മുറക്ക് തിരികെ വകയിരുത്താമെന്ന നിബന്ധനയിൽ തനത് ഫണ്ട്/വികസനഫണ്ട് ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് മേൽപ്പറഞ്ഞ പ്രകാരം തുക തനതുഫണ്ടിൽ നിന്നാണ് നൽകിയത്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ശുചിത്വമിഷൻ ഗ്രാന്റ് പിന്നീട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ/വൗച്ചർ നം./തീയതി | തുക | ഉദ്ദേശ്യം /സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| ബിൽ നം.02/16-17/24.03.17 | 75000 | ABC-പദ്ധതി-ജില്ലാപഞ്ചായത്ത് |
| ചെക്ക്നം.9923240/29.03.17 | 25000 | ABC-പദ്ധതി-ജില്ലാപഞ്ചായത്ത് |
| 21600832/02.03.17 | 100000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം. |
| ആകെ | 200000 | |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-3 മെമ്പർമാർക്ക് കമ്പ്യൂട്ടർ പരിശീലനം--രേഖകൾ ലഭ്യമല്ല.

വൗച്ചർ നം.21600968/25.03.17---22000

ജനപ്രതിനിധികൾക്ക് കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ State Resource Centre, Kerala യുടെ ആഭിമുഖ്യത്തിൽ നടന്ന Digital Financial Literacy Awareness Training Programme-ൽ പങ്കെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു മാസം പരമാവധി 30000 രൂപ ചെലവഴിക്കാമെന്ന് ജി.ഒ.(ആർ.ടി) നം.335/17 /തസ്വഭവ തീ.06.02.17 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 11 മെമ്പർമാർക്ക് 2000 രൂപ പ്രകാരം 22000 രൂപ പ്രകാരം SRC ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ മെമ്പർമാർ പരിശീലനത്തിൽ പങ്കെടുത്തുവെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 22000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം, യാത്രാബത്ത എന്നിവ നൽകിയത്--ക്രമീകരണ വിവരമില്ല.

2016-17 വർഷത്തിൽ താഴെപ്പറയും പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം, യാത്രാബത്ത എന്നിവ അനുവദിച്ച് നൽകിയിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | വൌച്ചർ നം./തീയതി | തുക |
|---|---|---|
| കവിത പി.എൻ, ഓവർസീയർ | 21600085/06.05.16 | 13200 |
| അജിൽ കെ.എൻ. ഓവർസീയർ | 21600086/06.05.16 | 13200 |
| ജിനു ഏലിയാസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600087/06.05.16 | 13200 |
| കൃഷ്ണൻകുട്ടി.ഒ.ബി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600088/06.05.16 | 13200 |
| അജിൽ കെ.എൻ. ഓവർസീയർ | 21600031/12.04.16 | 14200 |
| കൃഷ്ണൻകുട്ടി.ഒ.ബി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600032/12.04.16 | 13200 |
| ജിനു ഏലിയാസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600033/12.04.16 | 13200 |
| കൃഷ്ണൻകുട്ടി.ഒ.ബി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600135/03.06.16 | 13122 |
| ജിനു ഏലിയാസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600346/08.09.16 | 13200 |
| കൃഷ്ണൻകുട്ടി.ഒ.ബി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600346/08.09.16 | 13200 |
| മുഹമ്മദ് സയീദ് അക്രഡിറ്റഡ് എഞ്ചിനീയർ | 21600564/07.12.16 | 8162 |
| ജ്യോതി കൃഷ്ണ ഓവർസീയർ | 21600565/07.12.16 | 13320 |
| ജ്യോതി കൃഷ്ണ ഓവർസീയർ | 21600686/11.01.17 | 17903 |
| ജ്യോതി കൃഷ്ണ ഓവർസീയർ | 21600689/11.01.17 | 1500 |
| അജിൽ കെ.എൻ. ഓവർസീയർ | 21600687/11.01.17 | 18500 |

| | | |
|---|---|---|
| അജിൽ കെ.എൻ. ഓവർസീയർ | 21600688/11.01.17 | 1500 |
| കൃഷ്ണൻകുട്ടി.ഒ.ബി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600873/06.03.17 | 18500 |
| ജിനു ഏലിയാസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 21600874/06.03.17 | 18500 |
| ജ്യോതി കൃഷ്ണ ഓവർസീയർ | 21600875/06.03.17 | 20000 |
| മുഹമ്മദ് സയീദ് അക്രഡിറ്റഡ് എഞ്ചിനീയർ | 21600876/06.03.17 | 21429 |
| അജിൽ കെ.എൻ, ഓവർസീയർ | 21600877/06.03.17 | 21200 |
| ആകെ | | 272236 |

വൗച്ചർ നം.21600276/09.08.16 പ്രകാരം 203635 രൂപ ക്രമീകരിച്ചതായി കാണുന്നുണ്ട്. ബാക്കി തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## 3-5 കമുക് കൃഷി വികസനം--സബ്സിഡി നൽകിയതിന് ആസ്പദമായ രേഖകൾ ലഭ്യമല്ല.

പ്രൊജക്റ്റ് നം.108/17

ബിൽ നം.4/16-17/18.03.17---465000

ബിൽ നം.5/16-17/18.03.17---100000

ആകെ 565000

നിർവ്വഹണം--കൃഷി ഓഫീസർ

മേൽപ്പറഞ്ഞ പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് ജൈവവളം, രാസവളം, കുമ്മായം എന്നിവ വാങ്ങിയതിന് 50% സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ മേൽപ്പറഞ്ഞവ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സബ്സിഡി അനുവദിച്ചതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അർഹമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവു തുക 565000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 ജലസേചന കിണർ---രേഖകൾ ലഭ്യമല്ല.

പ്രൊജക്റ്റ് നം.11017

ബിൽ നം.7/16-17/27.03.17---25000

നിർവ്വഹണം--കൃഷി ഓഫീസർ

മേൽപ്പറഞ്ഞ പ്രൊക്റ്റിലൂടെ 2 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. സ.ഉ.(എം.എസ്) 4/2016 തസ്വഭവ തീ.11.01.16—സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ജലസേചന കിണറുകൾക്ക് സബ്സിഡി അനുവദിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും, മുൻ വർഷങ്ങളിൽ കിട്ടിയോ എന്ന് ഉറപ്പു വരുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല. ചെലവു തുക 25000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ

സാധനഘടകം (മെറ്റീരിയൽ പ്രവർത്തികൾ) വരുന്ന പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.

2016-17 ൽ നിർവ്വഹണം നടത്തിയ 31 പ്രവൃത്തികൾക്കായി സാധന ഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. 10.01.17ൽ ചെയ്ത ടെണ്ടർ പരസ്യത്തിൽ സാധന സാമഗ്രികൾ വിതരണം ചെയ്യാൻ താൽപ്പര്യമുള്ള യോഗ്യരായ കരാറുകാരിൽ നിന്നും ദർഘാസ് ക്ഷണിക്കുന്നുവെന്നാണ് പറയുന്നത്. പ്രവൃത്തികളിൽ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് കോൺട്രാക്ടർമാർക്ക് നിർവ്വഹിക്കാനുള്ളത്. വിതരണക്കാരിൽ നിന്നും കോൺട്രാക്ടർമാർ സാധന സാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി. ടെണ്ടർ ക്ഷണിച്ചതിലും അംഗീകരിച്ചതിലും വന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

2---മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

ജി.ഒ.(എം.എസ്)202/15/ തസ്വഭവ/24.06.15-പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലും, വേതനം, സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ സാധനഘടകം ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ റോഡ് പണികളും ഏറ്റെടുക്കുവാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ 31 റോഡ് പ്രവൃത്തികളിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. നാമമാത്രമായ വേതനവും, ഭൂരിഭാഗവും, സാധനഘടകങ്ങളുമാണ് പ്രവൃത്തികളിൽ വരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് | ശതമാനം |
|---|---|---|
| 12ാം വാർഡ്--ഗ്രാമം റോഡിൽ നിന്നും എസ്.സി.കോളനി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--413562<br>വേതനം--56841<br>മറ്റുള്ളവ--19168<br>ആകെ--489571 | സാധഘടകങ്ങൾ--84%<br>വേതനം--12% |
| 13ാം വാർഡ്-പാത്രക്കുണ്ട് റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--413581<br>വേതനം--61920<br>മറ്റുള്ളവ--13869<br>ആകെ---489370 | സാധഘടകങ്ങൾ--85%<br>വേതനം--13% |
| 1-ാം വാർഡ്--മച്ചിക്കൈ-അമ്പലം റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--413547<br>വേതനം--64640<br>മറ്റുള്ളവ--11263<br>ആകെ---489450 | സാധഘടകങ്ങൾ--84%<br>വേതനം--13% |
| 17-ാം വാർഡ് കവളപ്പാറ-ഇരുൾകുന്ന് റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--413594<br>വേതനം--65335<br>മറ്റുള്ളവ--10441 | സാധഘടകങ്ങൾ--85%<br>വേതനം--13% |

| | | |
|---|---|---|
| | ആകെ---489370 | |
| 16-ാം വാർഡ്-പനങ്കയം ADSറോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--413592<br>വേതനം--61920<br>മറ്റുള്ളവ--13858<br>ആകെ---489370 | സാധഘടകങ്ങൾ--85%<br>വേതനം--13% |

സർക്കാർ മാർഗ്ഗനിർദ്ദേശം കർശനമായി പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും, ഗുണഭോക്താക്കൾക്ക് പരമാവധി തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-8 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടമാണിപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. പദ്ധതി 31.03.2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് സംബന്ധിച്ചും തുടർസേവന പാക്കേജ് ആരംഭിക്കാത്തത് സംബന്ധിച്ചും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 10-11 ന് ശേഷം ഈ അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അടിസ്ഥാന അതിജീവനാവശ്യങ്ങൾ മുഴുവൻ നിറവേറ്റപ്പെടാതെ പദ്ധതി നിശ്ചലമാവുകയാണുണ്ടായത്. 01.05.17ന് അക്കൗണ്ടിൽ (നം.13135 കെ.ജി.ബി ഞെട്ടിക്കുളം) 1113495 രൂപ നീക്കിയിരിപ്പുണ്ട്. വികസനഫണ്ട് അടക്കമുള്ള ഭീമമായ തുക നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ തുടരുന്നത് ആശാസ്യമല്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച്, തുടർ പദ്ധതിക്കായി തുക പ്രയോജനപ്പെടുത്തുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഹെഡ്ഡുകളിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-9 മരുന്ന് ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ഓഡിറ്റ് വർഷത്തിൽ പണം അനുവദിച്ചിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 08/17 |
| വിനിയോഗിച്ച തുക | 2,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 1/16-17 തിയ്യതി. 27.02.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, പോത്തുകല്ല്. |

പദ്ധതി പ്രകാരം 2,00,000 രൂപ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇത് വരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യുവിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2). ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 03/17 |
| വിനിയോഗിച്ച തുക | 9,68,084/- രൂപ |
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ഡിസ്പെൻസറി, |

| | |
|---|---|
| ഉദ്യോഗസ്ഥൻ | പോത്തുകല്ല്. |

ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിയിലേക്ക് 9,68,084 രൂപ (ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ.935857/22.12.2016) അനുവദിച്ചതിൽ ആറ് ഗഡുക്കളായി 8,57,218/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 1,10,866/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

3). പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 04/17 |
| വിനിയോഗിച്ച തുക | 3,25,000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പോത്തുകല്ല്. |

പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 3,25,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യു വിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4). പരിരക്ഷ പദ്ധതി – മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 02/17 |
| വിനിയോഗിച്ച തുക | 3,50,000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പോത്തുകല്ല്. |

പരിരക്ഷ പദ്ധതിക്കുവേണ്ടി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 3,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യു വിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില തടസ്സം ചെയ്യുന്നു.

## 3-10 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ വിവിധ അപാകതകൾ കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1). സർവ്വ ശിക്ഷാ അഭിയാൻ വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 114/17 | |
| വിനിയോഗിച്ച തുക | 8,00,000/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 1/16-17തിയ്യതി. 22.12.2016 | 8,00,000/- രൂപ. |

എന്നാൽ ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

2). തുടർ വിദ്യഭ്യാസ പരിപാടി - പരീക്ഷ എഴുതിയവരുടെ പട്ടിക ഹാജരാക്കിയില്ല.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 115/17 | |
| വിനിയോഗിച്ച തുക | 1,06,500/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 2/16-17തിയ്യതി. 15.03.2017 | 71,000/- രൂപ. |
| ഗുണഭോക്തൃ വിഹിതം | --- | 35,500/- രൂപ. |

ഒരാൾക്ക് 1500/-രൂപ പ്രകാരം 71 പേർക്ക് 1,06,500/- രൂപ കോഴ്സ് ഫീസ്/രജിസ്ട്രേഷൻ ഫീസ് എന്നിവക്കായി സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പരീക്ഷ എഴുതിയവരുടെ പട്ടിക

ഹാജരാക്കാത്തതിനാൽ രജിസ്റ്റർ ചെയ്ത മുഴുവൻ പേരും പരീക്ഷ എഴുതി എന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

3).പട്ടികജാതി വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി വിതരണം - അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 143/17 | |
| വിനിയോഗിച്ച തുക | 57,000/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 3/16-17തിയ്യതി. 30.03.2017 | 57,000/- രൂപ. |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 15 വിദ്യാർത്ഥികൾക്ക് 3800/- രൂപ നിരക്കിൽ സൈക്കിൾ വാങ്ങി (നെല്ലിപ്പറമ്പ് സൈക്കിൾ മാർട്ട്, പാലുണ്ട) വിതരണം ചെയ്ത വകയിൽ 57,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(i). സീനിയോറിറ്റി മാനദണ്ഡം പാലിച്ചില്ല.

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 1 മുതൽ 20 വരെയുള്ള വിദ്യാർത്ഥികളെ പരിഗണിച്ചതിൽ ക്രമ നമ്പർ. 6, 7, 11, 14, 17, 18 എന്നീ വിദ്യാർത്ഥികളെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല. സിനിയോറിറ്റി മറികടന്നു കൊണ്ട് സൈക്കിൾ വിതരണം നടത്തിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ii). ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.

ഗ്രാമപഞ്ചായത്ത് നൽകിയ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന 2 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പേരും വിലാസവും. |
|---|---|
| 1 | അഭിജിത്.പി, പാറമ്മൽ, കോടാലിപൊയിൽ |
| 2 | അജിത്.പി, പെരുന്താനി, മുതുകുളം |

അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/22-09-17) മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്ത വകയിൽ ചെലവഴിച്ച 7600/- രൂപ (3800*2) നിരാകരിക്കുന്നു.

(iii). പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ഇതിന് മുമ്പ് ലഭിച്ചിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4). പട്ടികവർഗ്ഗ വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി വിതരണം - അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 145/17 | |
| വിനിയോഗിച്ച തുക | 11,400/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 4/16-17തിയ്യതി. 30.03.2017 | 11,400/- രൂപ |

പദ്ധതിയുടെ ഭാഗമായി 3 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ഇതിന് മുമ്പ് ലഭിച്ചിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 3-11 ഡ്രെയിനേജിന് ഫോം പ്രവൃത്തി- ഉയർന്ന നിരക്ക് അനുവദിച്ചത്

നിർവഹണ ഉദ്യോഗസ്ഥൻ- അസി. എഞ്ചിനിയർ

| |
|---|
| പ്രവൃത്തി-നാരങ്ങപൊയിൽ കോളനി റോഡ്<br>പ്രോജക്ട് -192/16<br>കൺവീനർ-ഉണ്ണി<br>എം-ബുക്ക് 87/15-16<br>എഗ്രിമെന്റ്-95/4-3-16<br>വൗച്ചർ നമ്പർ-2/14-10-16- 126916 രൂപ<br>33/31-317 -230784രൂപ |

മൊത്തം 15ലക്ഷം രൂപ മൂല്യനിർണ്ണയം നടത്തി അത്ര തന്നെ തുക ചെലവഴിക്കുകയും ചെയ്ത മേൽ പ്രവൃത്തിയിൽ ഡ്രൈനേജിന്റെ വശങ്ങൾ, പാരപറ്റിന്റെ വശങ്ങൾ, റാമ്പ് എന്നിവ കോൺക്രീറ്റിംഗ് നടത്തുന്നതിന് DSR 5-9-2 പ്രകാരമുള്ള (30.48% cost index അടക്കം 409.35/m2) നിരക്കാണ് അനുവദിച്ചിട്ടുള്ളത്. മേൽ ഇനത്തിന് DSR 5-9-1 പ്രകാരമുള്ള നിരക്കിന് മാത്രമാണ് അർഹത. ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ മറ്റ് പ്രവൃത്തികളിലെല്ലാം DSR 5-9-1 പ്രകാരമുള്ള നിരക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ നിരക്ക് അധികരിച്ച് നൽകിയതിനാൽ അധികചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ഇനം | അളവ് | അനുവദിച്ച നിരക്ക് | അനുവദിച്ച മൂല്യം |
|---|---|---|---|
| 8 | 297.25 m2 | 409.35 | 121679.29 |

DSR 5-9-1 പ്രകാരം30.48% cost index അടക്കം നൽകാവുന്ന നിരക്ക് 237.02/m2 ( 181.65+55.37) മാത്രമായതിനാൽ 47331 രൂപ {(409.35-237.02)x297.25} യുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അധികചെലവ് സാധൂകരിക്കത്തക്ക മറുപടി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. അധിക ചെലവ് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു.

## 3-12 റൂഫിംഗ് ഷീറ്റ് അധിക സ്പെസിഫിക്കേനസരിച്ചുള്ള നിരക്ക് അനവദിച്ചത്

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയിൽ ഇനം 13ആയി ജി.ഐ / അലുമിനിയം പൗഡർ കോട്ടോടു കൂടിയ 0.45 mm കനമുള്ള പ്രൊഫൈൽ ഷീറ്റ് വെച്ച് മേയുന്നതിന് 797.11/m2 നിരക്കിൽ 22.14m2 ന് 17627.29രൂപ മൂല്ല്യനിർണ്ണയതുകയിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടം പരിശോധിച്ചതിൽ 0.30mm കനമുള്ള പ്രൊഫൈൽ ഷീറ്റാണ് ഉപയോഗിച്ച് കാണുന്നത്. ചെയ്ത ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് 559/m2 (specification code od166211/2016-2017) മാത്രമായതിനാൽ ഉയർന്ന നിരക്ക് അനുവദിച്ചത് വഴി 5272 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

| |
|---|
| പദ്ധതി-ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം<br>project -188/17<br>agreement-52/15-3-17<br>കരാറുകാരൻ-ഉബൈദുള്ള(എസ്റ്റിമേറ്റ് റേറ്റ്)<br>M.B - 57/15-3-17<br>വൗച്ചർ-67/31-3-17- 391441രൂപ<br>&68/31-3-17 - 70000രൂപ |

അധിക ചെലവ് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ മതിയായ കാരണം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. 5272 രൂപ അസി. എഞ്ചിനിയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-13 പ്രവൃത്തി സ്ഥലത്ത് ലഭ്യമായ മെറ്റീരിയിൽസ് ഉപയോഗപെടുത്തിയില്ല.

| |
|---|
| പ്രവർത്തി- മുണ്ടേരി ജി.ടി.യു.പി.എസ് റിപ്പയർ<br>പ്രൊജക്ട്- 65/16<br>കരാറുക്കാരൻ- മുസ്തഫ കമാൽ(6.583 % കുറവ്)<br>മൂല്യ്യ നിർണ്ണയതുക -464417(ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>എം ബുക്ക്-78/15-16<br>എഗ്രിമെന്റ്-77/26-2-16<br>വൗച്ചർ - 5/23-2-17 - 464417 |

ടി പ്രവൃത്തി നടപ്പാക്കിയതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

എ. നിലവിലെ പാചകപ്പുര പൊളിച്ചുമാറ്റിയതിന്റെ ഫലമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള സർവീസിന് യോഗ്യമായ മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്തതായി മെഷർമെന്റ് ബുക്കിൽ റിക്കാർഡ് ചെയ്തിട്ടുണ്ട്.

ലാറ്ററൈറ്റ് കല്ല് - 452 nos

ഓട് -310 nos

വിൻഡോസ് - 4 nos

ലാറ്ററൈറ്റ് കല്ല് ടി പ്രവൃത്തിക്കുതന്നെ ഉപയോഗപെടുത്താമായിരുന്നുവെങ്കിലും അപ്രകാരം ചെയ്തതായോ, മെറ്റീരിയിൽസിന്റെ മൂല്യം കണക്കാക്കി ആയത് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗപെടുത്തുന്നതിനോ, ലേലം മുഖേന വിൽപ്പന നടത്തുന്നതിനോ നിർവഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ടി മെററീരിയൽസ് എന്ത് ചെയ്തുവെന്ന വിവരം അറിയിക്കേണ്ടതാണ്.

ബി. പാചകപുരയുടെ ചുമർ ഓയിൽ ബൗണ്ട് വാഷബിൾ ഡിസ്റ്റംബർ പൂശുന്നതിനായിരുന്ന എസ്റ്റിമേറ്റിൽ വക

കൊള്ളിച്ചിരുന്നത് (@117/m2). എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഈ ഇനം ഒഴിവാക്കി ചുവടെ ചേർത്തിരിക്കുന്ന രണ്ടിനങ്ങൾ ഉൾപെടുത്തുകയുണ്ടായി.

| | |
|---|---|
| സിമൻ്റ് പ്രൈമർ പൂശൽ | 254.97m2@ 46.78/m2 |
| അക്രലിക്ക് എമൽഷൻ പെയിൻ്റ് പൂശൽ | 254.97m2@105.04/m2 |

പാചകപ്പുരയുടെ ചുമരാണ് ഡിസ്റ്റംബറിന് പകരം സിമൻ്റ് പെയിൻ്റും, അക്രലിക്ക് എമൽഷൻ പെയിൻ്റും ഉപയോഗിച്ചിരിക്കുന്നത്. പുകയും കരിയും പരന്നേക്കാവുന്ന ചുമർ മുന്തിയ ഇനം അനുവദിച്ചുവഴി 8878 രൂപ ടെണ്ടർ ഡിഡക്ഷൻ കഴിച്ച് 8294 രൂപ അധിക ചെലവുണ്ടായതായി കണക്കാക്കുന്നു.

സ്ഥലം സന്ദർശിച്ചതിൽ ചുമരുകൾ സാധാരണ ഡിസ്റ്റംബർ കൊണ്ട് മാത്രമാണ് പൂശി കാണുന്നത്. മാത്രമല്ല പൊളിച്ചു മാറ്റിയതിൽ ലഭിച്ച മെറ്റീരിയൽസിൽ ഓടുകൾ മാത്രമാണ് സ്ഥലത്ത് കാണാൻ കഴിഞ്ഞത്. ഓഡിറ്റ് എൻക്വയറി മുഖേന വിവരം നിർവഹണ ഉദ്യോഗസ്ഥൻ്റെ ശ്രദ്ധയിൽ പെടുത്തിയതിൽ ടി മെറ്റീരിയൽസ് സംബന്ധിച്ച് അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനമെടുക്കുന്നതാണ് എന്നാണ് അറിയിച്ചത്. ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് പഞ്ചായത്ത് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

## 3-14 സർവീസ് ചാർജ് കരാറുകാരന് നൽകി - തുക നാളിത് വരെ അടവാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയിൽ ക്രമ നമ്പർ 1ൽ യഥാർത്ഥത്തിൽ അനുവദനീയമായതിലും കൂടുതൽ തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു. മൂല്യനിർണ്ണയ തുകയോടപ്പം ചേർത്ത സർവീസ് ചാർജ് കൂടി കരാറുകാരന് അനുദിച്ചതാണ് അധിക തുക നൽകുന്നതിന് ഇടയാക്കിയത്. ക്രമ നമ്പർ 2ൽ 25465 രൂപ സർവീസ് ചാർജിലേക്കായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ അടവാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച അളവ് & മൂല്യം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക &അധിക ചെലവ |
|---|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം<br>project -188/17<br>agreement-52/15-3-17<br>കരാറുക്കാരൻ-ഉബൈദുള്ള (എസ്റ്റിമേറ്റ് റേറ്റ്)<br>M.B - 57/15-3-17 | മൂല്യം - 450360 Ltd to 435322 | 435322രൂപ<br>(435322 രൂപയിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടുണ്ട്) | 461441രൂപ (സർവീസ് ചാർജ് 26119 രൂപ അടക്കം) നാളിതുവരെ അടവാക്കി കാണുന്നില്ല. 26119 രൂപ കരാറുക്കാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | വൗച്ചർ-67/31-3-17-391441രൂപ<br>&68/31-3-17 -70000രൂപ | | | |
| 2 | ജി. എൽ.പി. എസ്., പൂളപാടം<br>project -82/17<br>agreement-39/7-3-17<br>കൺവീനർ-ഷാജി<br>M.B - 40/16-17<br>വൗച്ചർ-60/31-3-17 -424796 രൂപ | മൂല്യം - 424796 | 424796രൂപ | അധിക തുക കൺവീനർക്ക് അനുവദിച്ചിട്ടില്ലെങ്കിലും 25465 രൂപ സർവീസ് ചാർജിലേക്കായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ അടവാക്കിയിട്ടില്ല. |

അപാകതകൾക്ക് വ്യക്തമായ മറുപടി ഹാജരാക്കൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. ക്രമ നമ്പർ 1ൽ സർവീസ് ടാക്സ് ഇനത്തിൽ അധികം കൈപ്പറ്റിയ 26119 രൂപ ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കാൻ സാധിച്ചിട്ടില്ലെന്നും ആയത് ഓഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻപായി ഗ്രാമ പഞ്ചായത്തിൽ അടവാക്കാമെന്ന് അസി. എഞ്ചിനീയർ വാക്കാൽ അറിയിച്ചിരുന്നുവെങ്കിലും ഓഡിറ്റ് പൂർത്തിയാക്കുന്നതുവരെയും അടവാക്കിയില്ല. മേൽ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതും 1, 2 ലെ മൊത്തം തുക സർവീസ് ടാക്സ് ഇനത്തിൽ ഗവ. ലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 കിണറുകളുടെ റിപ്പയർ, അടങ്കൽ, മൂല്യനിർണ്ണയം എന്നിവ ക്രമപ്രകാരമല്ല

| |
|---|
| പ്രവൃത്തി- പൊതുകിണറുകൾ റിപ്പയർ<br>പ്രൊജക്റ്റ്- 63/16<br>കരാറുകാരൻ- മുജീബ് റഹ്മാൻ (എസ്റ്റിമേറ്റ് റേറ്റ്)<br>മൂല്യനിർണ്ണയ തുക -297271<br>എം ബുക്ക്-74/15-16<br>എഗ്രിമെന്റ്-86/27-2-16<br>വൗച്ചർ - 6/23-2-17 - 62271<br>nil/31-3-16 235000 |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 10 കുടിവെള്ള കിണർ റിപ്പയർ ചെയ്യുന്നതിനാണ് മേൽ പരാമർശിച്ച പ്രകാരം 297271 രൂപ ചെലവഴിച്ചിട്ടുള്ളത്. മുഴവൻ കിണറുകളും വൃത്തിയാക്കൽ, എം.എസ് ഗ്രിൽ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന ഇനങ്ങൾ. കിണറുകൾ വൃത്തിയാക്കുന്നതിനായി മൂല്യനിർണ്ണയം അംഗീകരിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള അപാകത കാണുന്നു.

| ഇനം | അനുവദിച്ചത് |
|---|---|
| കിണർ റിപ്പയർ ചെയ്യുന്നതിന് കൂലി നൽകിയത് | 87nos@429.25 =37344.75 |
| മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തത് | 18 days 560 kltr@122.65/Kltr=68684 |
| ആകെ | 106028.75 |

ആകെ 106028.75രൂപ മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കിണറിലെ ചെളി ഒഴിവാക്കുന്നതിലേക്ക് മാത്രമായാണ് ചെലവഴിച്ചത്. ഒരു കിണറിന് ശരാശരി 1.8 ദിവസം (1.8x7.78 =14 Hrs) മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തു എന്നതും ഇതിനു പുറമെ ഓരോ കിണറിനും 8.7 ദിവസക്കൂലിക്കാരെ ഉപയോഗപ്പെടുത്തി എന്നതും 560000 ലിറ്റർ വെള്ളം ഗ്രാമ പഞ്ചായത്തിലെ 10 കുടിവെള്ള കിണറിൽ നിന്നായി പമ്പ്ചെയ്ത് കളഞ്ഞു എന്നതും സാമാന്യ ബുദ്ധിക്കു പോലും യോജിക്കാനാവില്ല. പ്രവർത്തി നടത്തിയതാകട്ടെ വരൾച്ച ഏറ്റവും രൂക്ഷമായ മാർച്ച് ഏപ്രിൽ മാസങ്ങളിലും.

ടി ഇനങ്ങൾ മൂല്യനിർണ്ണയത്തിൽ അംഗീകരിച്ചിട്ടുള്ളത് DLR അനുസരിച്ച് മാത്രമാണ്. ഓരോ DLR ലും ദിവസം/ പ്രവർത്തി ചെയ്ത സമയ അളവ് (ദിവസക്കൂലിക്കാരുടെ സംഗതിയിൽ ദിവസം, മോട്ടോർ പ്രവർത്തിക്കുന്ന സംഗതിയിൽ ദിവസവും സമയ അളവും) മാത്രമാണ് ചേർത്തിട്ടുള്ളത്. ഏത് കിണറിന്റെ ആവശ്യത്തിലേക്കാണെന്ന് പോലും ചേർത്തിട്ടില്ല. മാത്രമല്ല ഇനം 4 ആയി Demolishing RCC work by mechanical means including staking of steel എന്ന ഇനത്തിന് 2.688m3 ചെയ്തതിന് 1699.20/m3 നിരക്കിൽ 4567.45 രൂപ മൂല്യനിർണ്ണയത്തിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എം ബുക്ക് പരിശോധിച്ചതിൽ 3.3 m വ്യാസമുള്ള 45cm, 15 cm ഉയരമുള്ള രണ്ട് RCC റിംങ്ങുകൾ ആൽമറയായി ഉപയോഗിച്ചിരുന്നത് എടുത്ത് മാറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിന് മേൽ പരാമർശിച്ച നിരക്ക് അനുവദിച്ചതും ക്രമത്തിലല്ല.

പരാമർശത്തിന് വ്യക്തമായ വിശദീകരണം അവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ഹാജരാക്കിയില്ല. പരാമർശത്തിൻമേൽ ഉചിതമായ നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതും വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 947/2010 തി. 19.03.2010 | 1,50,00,000 | 60,00,000 | 29,06,535 | -- | 30,93,465 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 971/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 2-4 | 5000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11601500003 / 05.01.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58425083 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55545550 |
| വരവിനങ്ങളിലുള്ള നഷ്ടം | 5131 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60203 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1967866 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 2350 | | ശ്രീ.ജോഫ്രി ആൻസലാം, സെക്രട്ടറി |
| 2-6 | 2781 | | ശ്രീ.ജോഫ്രി ആൻസലാം, സെക്രട്ടറി |
| 3-10 | | 7600 | ശ്രീ.ജോർജ്ജ് ജോൺ, ഹെഡ്മാസ്റ്റർ |
| 3-11 | | 47331 | ശ്രീ.ശരത്.ബി.ജോഷി, അസി.എഞ്ചിനീയർ |
| 3-12 | | 5272 | ശ്രീ.ധന്യ.പി, അസി.എഞ്ചിനീയർ |
| | | 60203 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,70,000 | ശ്രീ.ജോഫ്രി ആൻസലാം, സെക്രട്ടറി |
| 3-2 | 2,00,000 | ശ്രീ.ജോഫ്രി ആൻസലാം, സെക്രട്ടറി |
| 3-3 | 22,000 | ശ്രീ.ജോഫ്രി ആൻസലാം, സെക്രട്ടറി |
| 3-5 | 5,65,000 | ശ്രീ.ബെന്നി സെബാസ്റ്റ്യൻ, കൃഷി ഓഫീസർ |
| 3-6 | 25,000 | ശ്രീ.ബെന്നി സെബാസ്റ്റ്യൻ, കൃഷി ഓഫീസർ |
| 3-9(1) | 2,00,000 | ഡോ.പ്രിയ വിജയൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-9 (2) | 1,10,866 | ഡോ.ജോമോൻ ജോസഫ് ഡാനിയേൽ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-9 (3),(4) | 6,75,000 | ഡോ.മോനിഷ്.കെ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10 (1) | 8,00,000 | ശ്രീ. ജോർജ് ജോൺ ഹെഡ്മാസ്റ്റർ |
| ആകെ | 27,67,866 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക 3-14 – 26,119 (സർവ്വീസ് ടാക്സ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോഫ്രി ആൻസലാം.ഡി.എസ്, സെക്രട്ടറി | സെക്രട്ടറി (റിട്ട) | സവിത നിവാസ്, മരിയാപുരം.പി.ഒ, തിരുവനന്തപുരം. |
| ശ്രീ.ജോർജ്ജ് ജോൺ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് കുറുമ്പലങ്ങോട് | കവനക്കൽ ഹൗസ്, ചുങ്കത്തറ പി.ഒ |
| ശ്രീ.ശരത്.ബി.ജോഷി<br>അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി സെക്ഷൻ, മഞ്ഞള്ളൂർ, വാഴക്കുളം.പി.ഒ, എറണാകുളം | ബ്ലായിൽ വീട്, മറ്റൂർ, കാലടി.പി.ഒ, എറണാകുളം പിൻ – 679331 |
| ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ്<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എടക്കര ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ ഹൗസ്, അരുവാക്കോട് റോഡ്, നിലമ്പൂർ. |
| ശ്രീമതി.ധന്യ.പി, അസി.എഞ്ചിനീയർ | --- | ധന്യശ്രീ, വീട്ടിക്കുത്ത് റോഡ്, നിലമ്പൂർ - 679329 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.എം.5/1205/06 തി.22.03.2006 | 17 | |
| 2002-03 | എൽ.എഫ്.എം.5/2050/08 തി.26.02.2006 | 13 | |
| 2003-04 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 13 | |
| 2004-05 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 20 | |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.എം.5/1128/09 തി.21.12.2009 | 22 | |
| 2006-07 | എൽ.എഫ്.എം.6/12106/19(1) തി.05.05.2011 | 23 | |
| 2007-08 | എൽ.എഫ്.എം.6/1163/11തി.20.07.2011 | 17 | |
| 2008-09 | എൽ.എഫ്.എം.6/1164/11 തി.18.07.2011 | 15 | |
| 2009-10<br>2010-11 | എൽ.എഫ്.എം.6/772/13 തി:13.05.2013 | 26 | |
| 2011-12<br>2012-13 | എൽ.എഫ്.എം.6/1255/15 തി:19.06.2015 | 23 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/2112/16 തി: 09.08.2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3160/16 തി: 19.12.2016 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# AUDIT CERTIFICATE.

KSA-MPM.6/2169/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated .03-11-2017

CERTIFICATE

Certified that I have examined the Annual Financial Statement of Pothukal Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Pothukal Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-എം.പി.എം.6/2169/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി .03-11-2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.